DESPATCHED On 11/01/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 2590(3)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ച തീയതി : 20.11.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. എ. സി. മുഹമ്മദ് കുട്ടി,
S/o. ബീരാൻകുട്ടി ഹാജി,
വീട്ട് നമ്പർ VI/46,
അരിമണിച്ചോല ഹൗസ്,
മുണ്ടേക്കാട്ട്,
പൊൻമുണ്ടം പി. ഒ.,
മലപ്പുറം – 676 106. } അപ്പീൽ ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട്,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
മലപ്പുറം.

2) അപ്പീൽ അധികാരി &
പോലീസ് സൂപ്രണ്ട്,
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
ഉത്തര മേഖല, കോഴിക്കോട്. } എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23.08.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 03.09.2019 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10.09.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04.10.2019 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 12.11.2019 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16.11.2019 |

20.11.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ രണ്ടു കൂട്ടരും ടെലിഫോൺ മുഖേന കമ്മീഷനിൽ നൽകിയ മൊഴികളും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് ഈ അപ്പീൽ ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ (വിഎസിബി) മലപ്പുറം യൂണിറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ എട്ട് ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും ഒന്നാം അപ്പീൽ അധികാരിയിൽ നിന്നും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നാരോപിച്ചുകൊണ്ടാണ് ഹർജിക്കാരനായ ശ്രീ. എ. സി. മുഹമ്മദ് കുട്ടി ഈ അപ്പീൽ ഹർജി കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളത്.

3) മലപ്പുറം വിജലൻസ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വിസി/20/2015/വിഎസി.ബി. എന്ന കേസ്സുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് മറ്റു ഓഫീസുകളിൽ നിന്നും ലഭിച്ച രേഖകൾ, എഫ്.ഐ.ആർ., സാക്ഷിമൊഴി കൾ, പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ പ്രസ്തുത കോടതി മുമ്പാകെ നൽകിയ CMP/1766/2014 നമ്പരുമായി ബന്ധപ്പെട്ട രേഖകൾ, ഹർജിക്കാരൻ പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് നൽകിയ മൊഴി, ഹർജിക്കാരൻ ഹാജരാക്കിയ രേഖകൾ തുടങ്ങിയവയുടെ പകർപ്പുകളാണ് വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരി ക്കുന്നത്. പ്രസ്തുത വിജിലൻസ് കേസ്സ് അന്വേഷണാവസ്ഥയിലായതിനാൽ ഹർജി ക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകുവാൻ സാധ്യമല്ല എന്നാണ് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. എസ്.പി.ഐ.ഒ. യുടെ മറുപടിക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരി എസ്.പി.ഐ.ഒ. യുടെ തീരു മാനം ശരിവച്ചുകൊണ്ട് ഹർജിക്കാരൻ സൂചിപ്പിച്ചിരിക്കുന്ന കേസ്സ് മലപ്പുറം വിജിലൻസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതായതിനാൽ വിവരാവകാശ നിയമത്തിലെ 8(1) (എച്ച്) വകുപ്പ് പ്രകാരം എഫ്.ഐ. ആർ. – ന്റെ പകർപ്പൊഴികെ മറ്റു രേഖകളൊന്നും നൽകുവാൻ നിർവ്വാഹമില്ല എന്ന് ഉത്തരവായതായി കാണുന്നു. എഫ്.ഐ.ആർ. ന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുത്തതായി പ്രസ്തുത ഉത്തരവിൽ നിന്നും മനസ്സിലാ കുന്നു. വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാക്കണ മെന്നാണ് ഹർജിക്കാരന്റെ ആവശ്യം.

4) ഹർജിക്കാരൻ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികളുടെ ഭാഗമായാണ് വിവരാവകാശ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വിജി ലൻസ് കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടതും അത് വിജിലൻസ് കോടതിയുടെ പരിഗണനയിലെ ത്തിയതും. പ്രസ്തുത കേസ്സിന്റെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് കോടതിയുടെ പരിഗണനയിലിരിക്കുന്നതായതിനാൽ പ്രസ്തുത കേസ്സിലെ പ്രോസിക്യൂഷൻ നടപടികളെ തടസ്സപ്പെടുത്തുവാൻ സാധ്യതയുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ നിന്നും വിവ രാവകാശ നിയമത്തിലെ 8(1) (എച്ച്) പ്രകാരം ഒഴിവാക്കാവുന്നതാണ്. എന്നാൽ ഹർജി


RIGHT TO INFORMATI

ക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ഇപ്രകാരം കേസ്സിന്റെ അന്വേഷണത്തെയോ പ്രോസിക്യൂഷനെയോ തടസ്സപ്പെടുത്തുവാൻ പര്യാപ്തമായതാണെന്ന് കാണുന്നില്ല. എഫ്.ഐ.ആർ. ന്റെ പകർപ്പ് ഒന്നാം അപ്പീൽ അധികാരി തന്നെ ലഭ്യമാക്കിയിട്ടുണ്ട്. വിവരാവകാശ അപേക്ഷയിലെ 5, 6 എന്നീ ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ടിരിക്കുന്ന ഹർജിക്കാരൻ തന്നെ പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് നൽകിയ മൊഴിയുടെയും ടിയാൻ തന്നെ ഹാജരാക്കിയ രേഖകളുടെയും പകർപ്പുകൾ കേസ്സിനെ തടസ്സപ്പെടുത്തുവാൻ സാധ്യതയുള്ളതല്ല. കാരണം അത് ഹർജിക്കാരൻ തന്നെ സമർപ്പിച്ചിട്ടുള്ള രേഖകളും നൽകിയ മൊഴിയുമാണ്. താൻ നൽകിയ മൊഴി എന്താണെന്ന് ടിയാന് തന്നെ അറിയാവുന്ന കാര്യമാണ്. അതുപോലെ ടിയാൻ ഹാജരാക്കിയ രേഖകളുടെ പകർപ്പ് ഒരു പക്ഷേ ടിയാന്റെ കൈയിൽ തന്നെ ഉണ്ടായിരിക്കുകയും ചെയ്യാം. ആ സ്ഥിതിയ്ക്ക് അത്തരം വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരന് ലഭിക്കുന്നതു വഴി പ്രസ്തുത കേസ്സിന്റെ നടത്തിപ്പിന് പ്രത്യേകിച്ച് എന്തെങ്കിലും ദോഷം ഉണ്ടാകുമെന്ന് കരുതുവാൻ സാധിക്കുകയില്ല. ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ 5, 6 എന്നീ ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾ അപേക്ഷകന് ലഭിക്കുവാൻ അവകാശമുണ്ട്. അവ ഈ ഉത്തരവിന്റെ പകർപ്പ് ലഭിച്ച് 15 ദിവസത്തിനകം ഹർജിക്കാരന് ലഭ്യമാക്കേണ്ടതണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 നവംബർ മാസം 20 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv